DESPATCHED
On...9/5/22..

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2561614, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**AP.No.1829 (1)/2021/SIC തീർപ്പു കല്പ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 15726/SIC-G4/2021)**

**സന്നിഹിതൻ**

ഡോ.വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ
തീയതി : 2022 മേയ് 5

ശ്രീ.പി.സി. സ്കറിയ,
പുതുമന ഹൗസ്, അമയന്നൂർ പി.ഒ.,
മണർകാട്, കോട്ടയം-686 019.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &,
   വില്ലേജ് ഓഫീസർ,
   മണാർക്കാട് വില്ലേജ് ഓഫീസ്,
   കോട്ടയം.

3. അപ്പീൽ അധികാരി &,
   തഹസിൽദാർ.
   താലൂക്ക് ഓഫീസ് , കോട്ടയം.

} എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിൽ 16.2.2022-ന് കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിലെ 5-ാം ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള വീഴ്ചകൾക്ക് ഉത്തരവാദിയും പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയുമായിരുന്ന ശ്രീമതി ഷീലമ്മ കെ.ജി., 8.3.2022-ന് കമ്മീഷനിൽ ലഭ്യമാക്കിയ വിശദീകരണത്തിൽ ബോധിപ്പിച്ചത്, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിലെ ചോദ്യങ്ങൾ വിവരാവകാശ നിയമം 2(എഫ്)-ന്റെ പരിധിയിൽ വരുന്നവയല്ലാത്തതിനാലാണ് ഖണ്ഡിക തിരിച്ചുള്ള മറുപടി നൽകാതിരുന്നതെന്നും, നഷ്ടപ്പെട്ടു എന്ന് അപേക്ഷകൻ കരുതിയ പോക്ക് വരവിനായുള്ള ടിയാന്റെ അപേക്ഷയിന്മേൽ യഥാസമയം നടപടി സ്വീകരിച്ചിരുന്നതാണെന്നും ഒന്നാം അപ്പീൽ തീർപ്പിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരന് 8.4.2021-ൽ മറുപടി തപാൽ മാർഗ്ഗം നൽകിയിരുന്നതാണെന്നും എന്നാൽ ആയത് ലഭിച്ചിട്ടില്ല എന്ന പരാതി ഉന്നയിച്ച സാഹചര്യത്തിൽ ടിയാൾക്ക് ശേഷം ചാർജ് വഹിച്ച പി.ഐ.ഒ. ടി മറുപടിയുടെ പകർപ്പ് സഹിതം വിശദമായ മറുപടി ഹർജിക്കാരന് നൽകിയിട്ടുള്ളതാണെന്നും അപ്പീലധികാരി നടത്തിയ വിചാരണയിൽ പങ്കെടുക്കുന്നതിനുള്ള അറിയിപ്പ് യഥാസമയം ലഭിക്കാത്ത

തിനാലാണ് ഹിയറിംഗിൽ പങ്കെടുക്കാൻ കഴിയാതിരുന്നതെന്നുമാണ്. ടി വിശദീകരണം പരിശോധിച്ചതിൽ ഒന്നാം എതിർകക്ഷിയുടെ ഭാഗത്ത് സംഭവിച്ച വീഴ്ചകൾ മന:പ്പൂർവ്വമോ ബോധപൂർവ്വമോ ആയിരുന്നില്ല എന്ന് കാണുന്നതിനാൽ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി ആയിരുന്ന ശ്രീമതി ഷീലമ്മ കെ.ജി.ക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കുവാനുള്ള താത്ക്കാലിക തീരുമാനം അവസാനിപ്പിച്ചു കൊണ്ട് അപ്പീൽ ഹർജിയിലെ തുടർ നടപടികൾ അവസാനിപ്പിച്ചുള്ള ഉത്തരവ് ഇന്നേ ദിവസം 2022 മേയ് 5-ാം തീയതി കമ്മീഷൻ പുറപ്പെടുവിക്കുന്നു.

ഒപ്പ്
**ഡോ.വിശ്വാസ് മേത്ത**
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

RIGHT TO INFORMATION

Shi